III ഇ.ബി..XII-കേരള നിയമസഭ/I-6

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ജൂൺ 21, ബുധൻ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### 1 ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*54, *55 & *61) സഭയിൽ ഉന്നയിക്കപ്പെടുകയും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

### II. അടിയന്തിരപ്രമേയം

23.6.2006-ൽ സഭയിൽ അവതരിപ്പിക്കുവാനുദ്ദേശിക്കുന്ന ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ചോർന്നിരിക്കുന്നുവെന്നും ധനകാര്യ വകുപ്പുമന്ത്രി അഭിമുഖത്തിലൂടേയും പ്രസ്താവനകളിലൂടേയും സഭയ്ക്കുപുറത്ത് ബഡ്ജറ്റ് രഹസ്യം വെളിപ്പെടുത്തിയത് അത്യന്തം ഗുരുതരവും

സംഭ്രമജനകവുമാണെന്നും ഇതിന്റെ വിശദാംശങ്ങൾ പ്രമുഖ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണെന്നും പറയപ്പെടുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. എം. മാണിയും മറ്റ് രണ്ടംഗങ്ങളും നൽകിയ അടിയന്തിര പ്രമേയത്തിന് ധനകാര്യ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തി.

**III. ശ്രദ്ധ ക്ഷണിക്കൽ**

(1) ഉയർന്ന ഉല്പാദനച്ചെലവ്, ഉല്പന്നങ്ങളുടെ വിലയിടിവ്, രോഗം, പ്രകൃതിക്ഷോഭം എന്നിവമൂലവും സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും എടുത്ത വായ്പ തിരിച്ചടയ്ക്കാൻ നിവൃത്തിയില്ലാതെ കർഷകർ ആത്മഹത്യ ചെയ്യുന്നതു മൂലവും കാർഷിക രംഗത്തുണ്ടായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ പ്രശ്നങ്ങളിലേയ്ക്ക് ശ്രീ. സി. കെ. പി. പത്മനാഭൻ കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേരളത്തിൽ വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ സംബന്ധിച്ച് ശ്രീ. സി. പി. മുഹമ്മദ് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ

ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

## IV. സബ്മിഷൻ

(1) മലപ്പുറം ജില്ലയിലെ ചീക്കോട് കുടിവെള്ള പദ്ധതിയുടെ പണി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി

(2) പരവൂർ മുനിസിപ്പാലിറ്റിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശ്രീ. എൻ. അനിരുദ്ധൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(3)കോട്ടപ്പടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തേണ്ടത് സംബന്ധിച്ച് ശ്രീ. എം. ഉമ്മർ ഉന്നയിച്ച സബ്മിഷന് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന അർഹരായ വിദ്യാർത്ഥികൾക്ക് ബാങ്ക് വായ്പ അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീ. കെ. സി.

ജോസഫ് ഉന്നയിച്ച സബ്മിഷന് വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി മറുപടി നൽകി.

(5) പെരിങ്ങളം നിയോജകമണ്ഡലത്തിലെ തൃപ്രങ്ങോട്ടൂർ പഞ്ചായത്തിലെ കുടിയിറക്ക് ഭീഷണി നേരിടുന്ന കർഷകർക്ക് പട്ടയം ലഭ്യമാക്കേണ്ടത് സംബന്ധിച്ച് ശ്രീ. കെ. പി. മോഹനൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(6) കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ബി. രാഘവനും കശുവണ്ടി തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് ശ്രീ. വർക്കല കഹാറും ഉന്നയിച്ച സബ്മിഷനുകൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകി

(7) ശ്രീകൃഷ്ണപുരം മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കേണ്ടത് സംബന്ധിച്ച് ശ്രീമതി കെ. എസ്. സലീഖ ഉന്നയിച്ച സബ്മിഷന് പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) വടക്കാഞ്ചേരി റയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നത് സംബന്ധിച്ച് ശ്രീ.എ.സി.മൊയ്തീൻ ഉന്നയിച്ച സബ്മിഷന് മരാമത്ത് വകുപ്പുമന്ത്രി മറുപടി നൽകി.

(9) എൻ.ജി.ഒ. അസോസിയേഷൻ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 21.6.2006–ന് നടത്തുന്ന പ്രകടനവും ധർണ്ണയും സംബന്ധിച്ച് ശ്രീ. ജി. കാർത്തികേയൻ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(10) പാറശ്ശാല ഡിപ്പോയോടനുബന്ധിച്ചുള്ള സർക്കാർ ഭൂമിയിൽ വർക്ക്ഷോപ്പ് സ്ഥാപിക്കേണ്ടത് സംബന്ധിച്ച് ശ്രീ. ആർ. സെൽവരാജ് ഉന്നയിച്ച സബ്മിഷന് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി മറുപടി നൽകി.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## VII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## VIII. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

നന്ദി പ്രമേയത്തിൻമേലുള്ള ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. വി. കുഞ്ഞിരാമൻ, സി. ടി. അഹമ്മദ് അലി, വി.എസ്. സുനിൽ കുമാർ, സി. എഫ്. തോമസ്, ജോസ് തെറ്റയിൽ, തോമസ് ചാണ്ടി, വി. സുരേന്ദ്രൻ പിള്ള, എ. കെ. ശശീന്ദ്രൻ, കോവൂർ കുഞ്ഞുമോൻ, പി. ടി.എ. റഹീം, പി.എം.എ. സലാം, രാജു എബ്രഹാം, ശ്രീമതി കെ.കെ. ശൈലജ ടീച്ചർ, ശ്രീമതി ഇ.എസ്. ബിജി മോൾ, പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, എന്നീ അംഗങ്ങൾ സംസാരിച്ചു.

ചർച്ചയ്ക്ക് മരാമത്ത് വകുപ്പുമന്ത്രി, റവന്യൂ വകുപ്പു മന്ത്രി, മുഖ്യമന്ത്രി എന്നിവർ മറുപടി നൽകി.

ഭേദഗതികൾ സഭ നിരാകരിച്ചു.

നന്ദിപ്രമേയം 41-നെതിരെ 91 വോട്ടുകളോടെ സഭ അംഗീകരിച്ചു.

2006 ജൂൺ 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.